"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഭവനനിർമ്മാണ വകുപ്പ്- കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്- കോഴിക്കോട് ജില്ലയിലെ സർക്കാർ ഉദ്യോഗസ്ഥർക്കും മുതിർന്ന ഓഫീസർമാർക്കുമുള്ള ഫ്ലാറ്റ്/ക്വാർട്ടേഴ്സ് പദ്ധതിയ്ക്ക്- തുക റിലീസ് ചെയ്ത്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭവനനിർമ്മാണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.34/2025/HSG തീയതി,തിരുവനന്തപുരം, 23-07-2025

---

പരാമർശം:-

1. 22.12.2020-ലെ സ.ഉ.(സാധ) നം 52/2020/ഭവനം
2. 22.02.2023-ലെ സ.ഉ.(സാധാ) നം.14/2023/ഭവനം
3. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 06.05.2025-ലെ KSHB-HO/380/2025-AF1 നമ്പർ കത്ത്.
4. സ. ഉ. (സാധാ) നം. 5657/2025/ധന തീയതി 04.07.2025

**<u>ഉത്തരവ്</u>**

2020-21 സാമ്പത്തിക വർഷം കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ 'സർക്കാർ ഉദ്യോഗസ്ഥർക്കും മുതിർന്ന ഓഫീസർമാർക്കുമുള്ള ഫ്ലാറ്റ്/ക്വാർട്ടേഴ്സ് പദ്ധതി' പ്രകാരം കോഴിക്കോട് ജില്ലയിൽ സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള 102 സെന്റ് ഭൂമിയിൽ 12 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് 4 കോടി രൂപയിൽ നിജപ്പെടുത്തി പരാമർശം (1) പ്രകാരം ഭരണാനുമതി നൽകുകയുണ്ടായി . പദ്ധതിയ്ക്ക് പരാമർശം (2) പ്രകാരം 1,34,57,000/- രൂപ റിലീസ് ചെയ്തു നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി 30.11.2023-ൽ പൂർത്തീകരിച്ചതാണെന്നും കോൺട്രാക്ടർക്ക് നല്കുവാനുള്ള ബാക്കി തുകയായ ₹2,13,41,414/- രൂപ റിലീസ് ചെയ്തു നല്കണമെന്നും പരാമർശം (3) പ്രകാരം സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി, അഭ്യർത്ഥിക്കുകയുണ്ടായി.

2. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ കോഴിക്കോട് ജില്ലയിലെ സർക്കാർ ഉദ്യോഗസ്ഥർക്കും മുതിർന്ന ഓഫീസർമാർക്കുമുള്ള ഫ്ലാറ്റ്/ക്വാർട്ടേഴ്സ് പദ്ധതിയുടെ തുക റിലീസ് ചെയ്യുന്നതിനായി പരാമർശം (4) പ്രകാരം 4216-80-201-94 എന്ന ശീർഷകത്തിൽ 2,13,42,000/- (രണ്ട് കോടി പതിമൂന്ന് ലക്ഷത്തി നാല്പത്തിരണ്ടായിരം രൂപ മാത്രം) അധിക ധനാനുമതിയായി വകയിരുത്തിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ കോഴിക്കോട് ജില്ലയിലെ സർക്കാർ ഉദ്യോഗസ്ഥർക്കും മുതിർന്ന ഓഫീസർമാർക്കുമുള്ള ഫ്ലാറ്റ്/ക്വാർട്ടേഴ്സ് പദ്ധതിയ്ക്കായി 4216-80-201-94 എന്ന ശീർഷകത്തിൽ വകയിരുത്തിയ 2,13,42,000/- (രണ്ട് കോടി പതിമൂന്ന് ലക്ഷത്തി നാല്പത്തിരണ്ടായിരം രൂപ മാത്രം) ചുവടെ ചേർത്തിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് അനുവദിച്ച് ഉത്തരവാകുന്നു.

1. 16/04/2018-ലെ സ.ഉ.(പി) നം.62/2018/ധന-യിലെ വ്യവസ്ഥയ്ക്ക് വിധേയമായി ടി തുക ട്രഷറിയിലെ PSTSB അക്കൗണ്ടിൽ മാത്രമേ നിക്ഷേപിക്കാൻ പാടുള്ളൂ.
2. 09/12/2008-ലെ സർക്കുലർ നം. 84/2008/ധനയും 30/01/2018-ലെ സർക്കുലർ നം. 08/2018/ധന-ലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.
3. അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും 09.01.2020-ലെ സ. ഉ. (കൈ) നം. 04/2020/ധന പ്രകാരമുള്ള ധന വിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപായി ധന വകുപ്പിന് സമർപ്പിക്കേണ്ടതാണ്.
4. വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് പ്രവീൺ
അഡിഷണൽ സെക്രട്ടറി

സെക്രട്ടറി, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്), കേരള, തിരുവനന്തപുരം
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
ധനകാര്യ (PU-C) വകുപ്പ് (1713946/PU-C3/25/2021-FIN)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Krishnakumar S
Date: 23-07-2025 13:21:09
സെക്ഷൻ ഓഫീസർ